LIBRARY ARCHIVES Kerala Legislative Assembly

പരിശീലനകാലം സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച്

217 (225) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാരുടെ പരിശീലന കാലം സർവ്വീസായി പരിഗണിക്കുന്നത് വിരമിച്ചവർക്കും ബാധകമാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രഖ്യാപനത്തിനു മുൻപുതന്നെ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് പരിശോധനയും തീരുമാനവും കൈക്കൊണ്ടിട്ടുണ്ടായിരുന്നുവോ ;

(സി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിൽനിന്നുള്ള നിലപാട് എന്തായിരുന്നു; അധിക ബാധ്യത കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) സർവ്വീസിൽ നിന്നും വിരമിച്ച എത്ര പോലീസുകാർക്ക് പ്രഖ്യാപനംവഴി പരിശീലനകാലം കൂടി സർവ്വീസായി പരിഗണിച്ച് കിട്ടിയിട്ടുണ്ട്; വിശദമാക്കാമോ ;

(ഇ) പ്രഖ്യാപനം നടപ്പിലാക്കുന്നതിന് വിരമിച്ച പോലീസുകാർ പ്രക്ഷോഭണത്തിലേർപ്പെട്ടിരിക്കുന്നതായി അറിയാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന കാലയളവ് കൂടി സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച ധാരാളം ഹർജികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) പിരിവ് (എ) യുടെ മറുപടി പ്രകാരം ബാധകമല്ല.

(ഇ) ഇല്ല.

പീഡനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട്

218 (226) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ സർക്കാർ കാലയളവിനുള്ളിൽ സംസ്ഥാനത്ത് ബലാത്സംഗത്തിനിരയായ സ്ത്രീകൾ എത്ര ; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഒരു വയസ്സിനും പതിനേഴു വയസ്സിനുമിടയിലുള്ളവർ എത്ര ; 18 വയസ്സിനും 50 വയസ്സിനുമിടയിലുള്ളവർ എത്ര; 50 വയസ്സിനു മുകളിലുള്ളവർ എത്ര ; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തു ; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കേസ്സുകളിൽ പോലീസ് ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു ; ആയതിൽ എത്ര പേരെ കേസ്സ് വിചാരണ പൂർത്തിയാക്കി ജയിലിലടച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതിൽ പ്രതികളായവരും, ജയിലിലടച്ചവരുമായ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വകാര്യമേഖല/ഐ.റ്റി. ജീവനക്കാർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ ക്രൈം റെക്കോർഡ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ സംസ്ഥാനത്ത് ബലാൽസംഗത്തിനിരയായ സ്ത്രീകളുടെ എണ്ണം 5386 ആണ്. ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ ഒരു വയസ്സിനും പതിനേഴ് വയസ്സിനുമിടയിലുള്ളവർ 2741; 18 വയസ്സിനും 50 വയസ്സിനുമിടയിലുള്ളവർ 2558; 50 വയസ്സിനു മുകളിലുള്ളവർ 87; ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ 1297 എണ്ണം റിപ്പോർട്ട് ചെയ്തു. ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഇവയിൽ പ്രതികളായവരും ജയിലിലടച്ചവരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സ്വകാര്യ മേഖല/ഐ.റ്റി. ജീവനക്കാർ ആരെല്ലാമാണെന്നുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly